2025 ജൂലൈ
2
ബുധൻ

ഗവൺമെൻറ് ഹയർസെക്കണ്ടറി സ്കൂൾ, മണലൂർ

പ്രതിമാസ വാർത്താപത്രം

# തനിമ

www.thanimanews.in
Email Id:govthssmnlr@gmail.com
school news

## 2025-26 അധ്യയനവർഷത്തെ മണലൂർ സ്ക്കൂൾ പ്രവേശനത്തിന് ആവേശോജ്വല തുടക്കം

### പ്രവേശനോത്സവം 2025-26

മണലൂർ : 2025- 26 അധ്യയനവർഷത്തെ പ്രവേശനോത്സവം അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ബഹുമാനപ്പെട്ട ശ്രീ. ശശിധരൻ നിർവഹിച്ചു . ബഹുമാനപ്പെട്ട ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീ .സുർജിത്ത് സ്വാഗതം പറഞ്ഞു. മണലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ശ്രീ സൈമൺ തെക്കത്ത് അധ്യക്ഷനായ ചടങ്ങിൽ പൂർവ്വ വിദ്യാർത്ഥികൾ ആശംസകൾ നേർന്നു യുഎസ് എസ് സ്കോളർഷിപ്പ് നേടിയ വിദ്യാർത്ഥികൾക്ക് സ്കൂൾ പിടിഎ പ്രസിഡൻറ് രാഗേഷ് കണിയാംപറമ്പിൽ സമ്മാനദാനം നിർവ്വഹിച്ചു.





### വായനദിനം

ഈ വർഷത്തെ വായനദിനം പ്രശസ്ത എഴുത്തുകാരനും നടനുമായശ്രീ ജയപ്രകാശ് വരവൂർ ഉദ്ഘാടനം ചെയ്തു. പ്രധാനാധ്യാപിക ശ്രീ.ടെസ്സി മുണ്ടശ്ശേരി സ്വാഗതം പറഞ്ഞു. കുട്ടികളുടെ വിവിധ വായനദിനപരിപാടികൾ നടന്നു.



### ക്ലബ്ബുകളുടെ ഉദ്ഘാടനം

വിവിധ ക്ലബ്ബുകളുടെ ഉദ്ഘാടനം ശ്രീ ജയപ്രകാശ് വരവൂർ നിർവ്വഹിച്ചു. യോഗ,ഗണിതശാസ്ത്രം,സയൻസ്, സാമൂഹ്യശാസ്ത്രം,ഐ ടി , സംഗീതം,എക്കോ,വിദ്യാരംഗം എന്നീ ക്ളബുകളുടെ സാരഥികൾ ചുമതലയേറ്റു



### അന്താരാഷ്ട്രയോഗാദിനം

ബഹുമാനപ്പെട്ട പഞ്ചായത്ത് പ്രസിഡണ്ട് സൈമൺ തെക്കത്ത് ഉദ്ഘാടനം ചെയ്തു. യോഗാ ദിനത്തോടനുബന്ധിച്ച് സൈക്കോ സോഷ്യൽ കൗൺസലിങ്ങ് പദ്ധതിയുടെ നേതൃത്തിൽ കണ്ടശ്ശാംകടവ് ഗവ.ആയുർവേദ ഡിസ്പെൻസറി ആയുഷ് ഹെൽത്ത് ആൻറ് വെൽനെസ് സെന്ററിന്റെ സഹകരണത്തോടെ 11 )മത് അന്താരാഷ്ട്രയോഗാദിനം സംഘടിപ്പിച്ചു.





